Talented Bankers Literary Panel
പുസ്തക പരിചയം 207

പരിചയപ്പെടുത്തുന്നത്,
അനിൽ ഉണ്ണിത്താൻ,
സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ,
അഞ്ചാലുമൂട് ശാഖ.

ഏഴാമത്തെ പൂവ്
എം മുകുന്ദൻ.

ഏതാണ്ട് മുപ്പത് കൊല്ലം മുൻപാണ്. ആകാശവാണിയിലെ ചില സുഹൃത്തുക്കൾക്കൊപ്പം ഒരു കാനനയാത്ര. നെയ്യാർ ഡാമിൽ എത്തിയ ശേഷം യന്ത്രം ഘടിപ്പിച്ച വലിയ ഒരു വള്ളത്തിൽ മീൻമുട്ടിയിലേക്ക്. ഏകദേശം രണ്ട് മണിക്കൂർ യാത്ര ചെയ്യണം എന്ന് വള്ളക്കാരൻ. ബോറടി മാറ്റാൻ ഓരോരുത്തരും ഓരോ കഥ പറയട്ടെ എന്നായി ഒരാൾ. മിക്കവരും അത്യാവശ്യം വായനക്കാരായത് കൊണ്ടാകാം കഥകൾ ഒന്നൊന്നായി ഒഴുകിത്തുടങ്ങി.

കൂട്ടത്തിൽ ഒരാൾ പറഞ്ഞ കഥ അതിന്റെ ഘടന കൊണ്ടാണോ, പറഞ്ഞതിലെ ചന്തം കൊണ്ടാണോ, കഥ തീർന്നിട്ടും ഒരു കനത്ത മൗനവും ആകാംഷയും ബാക്കി വച്ചു.

അപ്പോഴേക്കും ഞങ്ങൾ കരയടുത്തു. കരയിലേക്കിറങ്ങുമ്പോൾ ഞാൻ ആ സുഹൃത്തിനോട് ചോദിച്ചു..

"മനോഹരം, ഇതെവിടുന്നാ?"
"ഇത് എം മുകുന്ദന്റെയാ..
ഏഴാമത്തെ പൂവ്.. "

"ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു",
"മയ്യഴിപ്പുഴയുടെ തീരങ്ങളിൽ.." ഒക്കെ വായിച്ച് എഴുത്തുകാരനെ ആരാധിച്ച് പോന്ന വായനക്കാരന്റെ പിന്നീടുള്ള അന്വേഷണം ആ പുസ്തകം തേടിയായി. കിട്ടാനില്ല, ഔട്ട് ഓഫ് പ്രിന്റ്.. ഒക്കെ കേട്ട് മടുത്തു. ഒടുവിൽ ഒരു യാത്രയിൽ കോഴിക്കോട്ടെ ടി ബി എസിൽ നിന്നും ഒരു കോപ്പി തരപ്പെട്ടു.

എഴുത്തുകാരന്റെ 11 കഥകളുടെ സമാഹാരം. നാം ജീവിക്കുന്ന ലോകം, ഒരുൾനാടിന്റെ ഓർമ്മ, മനുഷ്യൻ, സുമിത്ര, ആട്, ബാലരക്തം, അഭിസാരിക, തീ കൊണ്ട് കളിച്ച ഒരാൾ, മുട്ട ഇടുന്ന ആന, മൂത്രം, ഏഴാമത്തെ പൂവ് എന്നിങ്ങനെയാണ് കഥകൾ.

മുകുന്ദന്റെ സാധാരണ കഥകളിൽ നിന്നും വിഭിന്നമായി ഫാന്റസിയിലേക്ക് കൂട്ടികൊണ്ട് പോകുന്നവയാണ് ഓരോ കഥകളും.

ആദ്യകഥയിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരൻ ഒരു ജോലിക്ക് കൈക്കൂലി നല്കാൻ കാശില്ലാതെ വിഷമിക്കുമ്പോഴാണ് ക്ഷേത്രമുറ്റത്തെ ചെടിയിൽ നോട്ടുകൾ പൂത്തിറങ്ങുന്ന കാഴ്ച്ച കണ്ടത്. അടുത്ത ദിവസം അയാൾ തൊഴിലുടമയെ അറിയിച്ചു.. "ചോദിച്ച തുക തരാം. ജോലി മറ്റാർക്കും കൊടുക്കരുത്, പക്ഷേ അല്പം സമയം വേണം.
അങ്ങനെ വികസിക്കുന്ന കഥ യുവാവിനെ ഒരു ദുരന്തത്തിൽ എത്തിക്കുന്നു.

"നാം ജീവിക്കുന്ന ലോകത്തിലെ" ഈ ചെറുപ്പക്കാരനും, "ഒരുൾനാടിന്റെ ഓർമയിലെ" ഒറ്റമുലച്ചി പാർക്കുന്ന പുളിമരവും, സുമിത്രയും, ആടിലെ മാന്ത്രികനും, രാവിലെ കുളിക്കാൻ ചാത്തുക്കുട്ടിയച്ഛന്റെ വരവും കാത്തിരിക്കുന്ന "തീ കൊണ്ട് കളിച്ചൊരാളിലെ" അച്ഛനും, "മുട്ടയുടുന്ന ആന"യിലെ ആനമുട്ട തേടിപ്പോവുന്ന ഭർത്താവും, ഏഴാമത്തെ പൂവിലെ രാക്ഷസനും ഒക്കെ നമ്മളെ കൂട്ടിക്കൊണ്ട് പോകുന്നത് ഭ്രമാത്മകമായ ലോകത്തേക്കാണ്.

ടൈറ്റിൽ കഥയായ ഏഴാമത്തെ പൂവ് വളരെ മനോഹരം.
കൂട്ടുകാരുമൊത്ത് പൂക്കളിറുക്കൻ പോയ സുജാത വള്ളിക്കൊട്ടാരത്തിൽ കണ്ട രാക്ഷസനും അയാൾ നൽകിയ സമ്മാനവും കൗതുകം ഉണർത്തും. അതിനേക്കാൾ ഏറെ അതിന്റെ ക്ലൈമാക്സും.

ലളിതമായ കഥകളാണ് ഓരോന്നും. പ്രതീക്ഷിക്കാത്ത ഇടങ്ങളിലേക്ക് നമ്മെ നയിച്ചു കൊണ്ടുപോകുന്നവ.
ഒരിരുപ്പിൽ വായിച്ചു തീർക്കാവുന്ന ഈ കുഞ്ഞുകഥകൾ വർഷങ്ങൾക്ക് മുൻപ് പുറത്തിറക്കിയ പൂർണ പബ്ലിക്കേഷൻസ് ഏറെ കാലത്തിന് ശേഷം പുതിയ രൂപകല്പനയോടെ പുറത്തിറക്കിയിരിക്കുന്നു.
വില 100/= രൂപ.